**ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**
**(ഹാജർ: ജോൺസൻ.കെ)**

**വിഷയം:-** ത.സ്വ.ഭ.വ-ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിംഗ്- ഐ.സി.ഡി.എസ് അങ്കണവാടി കെട്ടിട നിർമ്മാണം - കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിലെ 27-ാം നമ്പർ അങ്കണവാടിക്ക് കെട്ടിട നിർമ്മാണം -സംബന്ധിച്ച്.

**സൂചന:-** 1) സ.ഉ(പി) നം.102/2017/ധന തീയതി 07.08.2017.
2) 27.08.2021 തീയതിയിലെ വനിതാ ശിശു വികസന ഡയറക്ടറുടെ ഐ.സി.ഡി.എസ്/എ8/12860/2020 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ14/3091/2021/സിഇ/എൽ.എസ്.ജി.ഡി തീയതി 25.11.2021**

വനിതാ ശിശു വികസന വകുപ്പിൻ കീഴിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ളതുമായ സ്ഥലത്ത് 20 ലക്ഷം രൂപ നിരക്കിൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സൂചന(1) പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

മേൽ. പദ്ധതിയിൽ ഉൾപ്പെട്ട കൊല്ലം ജില്ലയിലെ അഞ്ചാലുംമൂട് ഐ.സി.ഡി.എസ് പരിധിയിലുള്ള പെരിനാട് ഗ്രാമപഞ്ചായത്തിലെ 27-ാം നമ്പർ അങ്കണവാടിക്ക് 20 ലക്ഷം രൂപ വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് സാങ്കേതിക വിഭാഗം തയ്യാറാക്കിയിട്ടുള്ള പ്ലാൻ, എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് പെരിനാട് ഗ്രാമപഞ്ചായത്ത് LID & EW സെക്ഷൻ, അസ്സിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

**നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക്** പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള ബിൽ, അനുബന്ധരേഖകൾ സഹിതം ഉചിത മാർഗ്ഗേന ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിച്ച് ഉത്തരവാകുന്നു.

കൊല്ലം ജില്ലാ പഞ്ചായത്ത് LID & EW വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽ പ്രവർത്തിയുടെ നിർമ്മാണ പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തേണ്ടതും കാലതാമസം ഉണ്ടാവുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

//അംഗീകാരത്തോടെ //

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

**പകർപ്പ്**

(1) വനിത ശിശുവികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം.
(2) ത.സ്വ.ഭ.വ സാങ്കേതിക വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് കൊല്ലം.
(3) അസ്സിസ്റ്റന്റ് എഞ്ചിനീയർ, LID & EW സെക്ഷൻ, പെരിനാട് ഗ്രാമപഞ്ചായത്ത്.
(4) കരുതൽ/സ്റ്റോക്ക് ഫയൽ.

**വനിതാ ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ**
**(ഹാജർ : അനുപമ റ്റി വി IAS)**

വിഷയം : വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ് - അങ്കണവാടി കെട്ടിട നിർമ്മാണം - കൊല്ലം ജില്ല- പെരിനാട് ഗ്രാമ പഞ്ചായത്ത് - AWC No.27 - കെട്ടിട നിർമ്മാണാനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം : 1. കൊല്ലം പ്രോഗ്രാം ഓഫീസറുടെ 20.07.2021 തീയതിയിലെ ഐസിഡിഎസ്/എഫ് -527/2021 നമ്പർ കത്ത്
2. G O (P) No.102/2017/Fin. Dated, 07/08/2017

**ഉത്തരവ് നമ്പർ ICDS/A8-12860/2020 തീയതി : 27.08.2021**

വനിത ശിശു വികസന വകുപ്പിൻ കീഴിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ളതുമായ അങ്കണവാടികൾക്ക് വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം നടത്തി വരുന്നു. കൊല്ലം ജില്ലയിലെ അഞ്ചാലുംമൂട് ഐസിഡിഎസ് പരിധിയിലുള്ള പെരിനാട് ഗ്രാമ പഞ്ചായത്തിലെ 27-ാം നമ്പർ അങ്കണവാടി കെട്ടിടം അൺഫിറ്റ് ആയതിനാൽ ടി അങ്കണവാടിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 20 ലക്ഷം രൂപ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം കൊല്ലം പ്രോഗ്രാം ഓഫീസർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. അങ്കണവാടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഐസിഡിഎസ് | LSGD | സെന്റർ നമ്പർ | പ്ലിന്ത് ഏരിയ | എസ്റ്റിമേറ്റ് തുക |
|---|---|---|---|---|---|---|
| 1 | കൊല്ലം | അഞ്ചാലുംമൂട് | പെരിനാട് | 27 | 77.44 Sq. Meter | 20 ലക്ഷം |

ഈ സാഹചര്യത്തിൽ മേൽ പട്ടികയിൽ വിവരിക്കുന്ന അഞ്ചാലുംമൂട് ഐസിഡിഎസിലെ പെരിനാട് ഗ്രാമ പഞ്ചായത്തിലെ 27-ാം നമ്പർ അങ്കണവാടിയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തെ 4235-02-102-87(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 11 കോടിയിൽനിന്നും 20 ലക്ഷം രൂപ വിനിയോഗിച്ച് LSGD തയ്യാറാക്കിയിട്ടുള്ള പ്ലാനും എസ്റ്റിമേറ്റും പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം (2)ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകിയും പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചുമതല LSGD ചീഫ് എഞ്ചിനീയർക്ക് നൽകിയും ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പ്രസ്തുത അങ്കണവാടിയുടെ കെട്ടിട നിർമ്മാണം അടിയന്തിരമായി ആരംഭിക്കേണ്ടതും നിർമ്മാണം പൂർത്തീകരിച്ചശേഷം 4235-02-102-87(P) ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

പ്രോഗ്രാം ഓഫീസർ/സിഡിപിഒ കെട്ടിട നിർമ്മാണ പുരോഗതി വിലയിരുത്തി ഈ കാര്യാലയത്തിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

ചീഫ് എഞ്ചിനീയർ
LSGD എഞ്ചിനീയറിംഗ് വിഭാഗം
തിരുവനന്തപുരം

**പകർപ്പ്:**

1. പ്രോഗ്രാം ഓഫീസർ, കൊല്ലം
2. സിഡിപിഒ, അഞ്ചാലുംമൂട്
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Sende

സൂപ്രണ്ട്